**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3052** **14-02-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് പാക്കേജിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടനാട് പാക്കേജിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്. 2023-24 വർഷത്തിൽ പ്ലാൻ പദ്ധതിക്ക് പുറമെ ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി 100 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. നബാർഡ് RIDF XXX-ൽ ഉൾപ്പെടുത്തി 13,092 ലക്ഷം രൂപയുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | മടവീഴ്ചയ്ക്ക് കൂടുതൽ സാദ്ധ്യത ഉള്ള പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ ബലപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ പാടശേഖരസമിതി പ്രതിനിധികൾ എന്നിവരുടെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് മുൻഗണന നിശ്ചയിച്ചാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. അപ്രകാരം നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മടവീഴ്ചയ്ക്ക് കൂടുതൽ സാദ്ധ്യത ഉള്ള പാടശേഖരങ്ങളുടെ പുറംബണ്ടുകൾ ബലപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്. 2024-25 ബഡ്ജറ്റ് പ്രൊപ്പോസലിൽ കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്താവുന്നതാണ്. |
| (സി) | കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ ബലപ്പെടുത്തുമ്പോൾ ട്രാക്ടർ റോഡുകൾ കൂടി ഉൾപ്പെടുത്തി നിർമ്മിച്ചാൽ മടവീഴ്ച ഒഴിവാക്കുവാനും കാർഷിക മെഷീനുകളും കാർഷിക ഉൽപ്പന്നങ്ങളും യഥേഷ്ടം കൊണ്ടുപോകുന്നതിന് കഴിയുമെന്ന കാര്യം പരിഗണിച്ച് അത്തരത്തിൽ നിർമ്മാണം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുമ്പോൾ ട്രാക്ടർ റോഡുകൾ കൂടി ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. എന്നാൽ പാടശേഖരങ്ങൾ കേരള തണ്ണീർതട പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ അപ്രകാരമുള്ള പദ്ധതികളുടെ പ്രൊപ്പോസലുകൾ സമർപ്പിക്കുമ്പോൾ അവയ്ക്ക് അംഗീകാരം ലഭിക്കുന്ന പക്ഷം പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥ നിലവിലുണ്ട്. കേരള തണ്ണീർതട പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ അനുമതി ലഭിക്കാതെ |

| | | | |
|---|---|---|---|
| | | | പല പദ്ധതികളും മുടങ്ങി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ